**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4044** **28-06-2024 - ൽ മറുപടിയ്ക്ക്**

**ഇ.കെ. നായനാർ സ്മാരക സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ കാഷ്വാലിറ്റി ബ്ലോക്ക് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | മാങ്ങാട്ടുപറമ്പ ഇ.കെ. നായനാർ സ്മാരക സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിലെ പുതിയ കാഷ്വാലിറ്റി ബ്ലോക്ക് നിർമ്മാണത്തിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ; | (എ) | സ.ഉ.(സാധാ)നം.357/2021/ആ.കു.വ. തീയതി 08/02/2021 പ്രകാരം ഭരണാനുമതി നൽകി നിർമ്മിക്കുന്ന പുതിയ കാഷ്വാലിറ്റി ബിൽഡിങ്ങിന്റെ പ്രവൃത്തി 20/02/2024-ന് ആരംഭിച്ചിട്ടുണ്ട്. ബേസ്മെന്റ് ഫ്ലോർ ചെയ്യുന്നതിന്റെ പ്രവൃത്തി ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നു. |
| (ബി) | പ്രസ്തുത ആശുപത്രിയിൽ ഐ.വി.എഫ് ക്ലിനിക്ക് ആരംഭിച്ചിട്ടുണ്ടോ; അതിന്റെ പ്രവർത്തനങ്ങൾ വിശദമാക്കാമോ; ഐ.വി.എഫ് ക്ലിനിക്ക് പൂർണമായും പ്രവർത്തന സജ്ജമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത്; | (ബി) | ഉണ്ട്. വന്ധ്യതാ നിവാരണ കേന്ദ്രത്തിന്റെ കെട്ടിടം പൂർത്തീകരിച്ചിട്ടുണ്ട്. 02/04/2022 മുതൽ ബുധൻ, ശനി ദിവസങ്ങളിൽ പകൽ 11 മണി മുതൽ 1 മണി വരെ ഒ.പി. പ്രവർത്തിച്ചു വരുന്നു. തസ്തികകളുടെ പുനർവിന്യാസ സാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | പ്രസ്തുത ആശുപത്രിയിൽ ഗൈനക്കോളജിസ്റ്റ് ഉൾപ്പെടെ കൂടുതൽ ഡോക്ടർമാരെ ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കാമോ; | (സി) | ഗൈനക്കോളജി വിഭാഗത്തിൽ 4 തസ്തികകളാണ് നിലവിൽ ഉള്ളത്. തസ്തികകളുടെ പുനർവിന്യാസ സാധ്യത പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യ വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ഡി) | പ്രസ്തുത ആശുപത്രിയിൽ മതിയായ എണ്ണം മിനിസ്റ്റീരിയൽ സ്റ്റാഫ് ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കാമോ? | (ഡി) | പ്രസ്തുത ആശുപത്രിയിൽ മിനിസ്റ്റീരിയൽ വിഭാഗത്തിൽ 2 ക്ലർക്ക് തസ്തികകളാണ് ഉള്ളത്. കൂടുതൽ ജീവനക്കാർ ആവശ്യമുണ്ടെന്ന് കാണുന്ന പക്ഷം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ